# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6529** **01.11.2011ൽ മറുപടിക്ക്**

## ഡയഗ്നോസ്റ്റിക് സൗകര്യം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ്കുമാർ** | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) സർക്കാർ വക ആശുപത്രികളിലെ ഡയഗ്നോസ്റ്റിക് സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെയും ഡയഗ്നോസ്റ്റിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു. |
| ബി) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് ഇതിനായി നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ജില്ലാ, താലൂക്ക്, ആശുപത്രികളിലെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെയും ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 1173.50 ലക്ഷം രൂപയും, മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡയഗ്നോസ്റ്റിക് സംവിധാനം മെച്ചപ്പെടുത്തുന്നതിന് 450 ലക്ഷം രൂപയും 2011-12ലെ ബഡ്ജറ്റിൽ 13-ാം ധനകാര്യ കമ്മീഷൻ വിഹിതമായി വകയിരുത്തിയിട്ടുണ്ട്. |
| സി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിലെയും മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലെയും ഡയഗ്നോസ്റ്റിക് സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട്, മേപ്പാടി സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നു. കൽപ്പറ്റ നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രികളിലെയും, മറ്റ് ആരോഗ്യകേന്ദ്രങ്ങളിലെയും ഡയഗ്നോസ്റ്റിക് സൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ വരും വർഷങ്ങളിൽ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ